"ഭരണഭാഷ-മാതൃഭാഷ"

## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – പാലാ നഗരസഭ – വിദ്യാഭ്യാസ കെട്ടിട നിർമ്മാണം – ലേ ഔട്ട് അംഗീകാരവും, കൺകറൻസും നൽകി ഉത്തരവാകുന്നു.

പരാമർശം : 1) പാലാ നഗരസഭാ സെക്രട്ടറിയുടെ 6/2/2021-ലെ പി.ഡബ്ല്യു 2-913/21 നമ്പർ കത്ത്
2) മാനേജർ, സെന്റ് തോമസ് കോളേജ്, അരുണാപുരം. പി.ഒ, പാലായുടെ 25/5/2020 ലെ അപേക്ഷ.

---

ഉത്തരവ് നമ്പർ : TCPKTM/107/2021-C തീയതി : 17/05/2021

---

കോട്ടയം ജില്ലയിലെ പാലാ നഗരസഭാ പരിധിയിലുള്ള, പുലിയന്നൂർ വില്ലേജിൽ, ബ്ലോക്ക് നമ്പർ 80-ൽ റീസർവ്വേ നമ്പർ 3/2, 3/4, 3/5, 3/6, 3/9, 3/9/1, 3/13 -ൽ പ്പെട്ട 134157 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത് , നിലവിലുള്ള 33349 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളോടൊപ്പം 555.29 ച.മീറ്റർ വിസ്തീർണ്ണമുള്ള വിദ്യാഭ്യാസ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അപേക്ഷ പരിശോധിച്ചതിൽ ടി സ്ഥലം പാലാ Master Plan പ്രകാരം Public & semi public മേഖലയിൽ ഉൾപ്പെടുന്നു. ടി മേഖലയിൽ 1500 ച.മീറ്ററിൽ കവിയുന്ന വിദ്യാഭ്യാസ കെട്ടിടങ്ങൾക്ക് ടൗൺ പ്ലാനറുടെ കൺകറൻസ് ആവശ്യമുണ്ട് . ടി വിഭാഗത്തിൽ പെടുന്ന കെട്ടിടമായതിനാൽ കെ.എം.ബിആർ-2019 ലെ ചട്ടങ്ങൾക്കും , താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ ഔട്ടിനും അംഗീകാരവും മേഖല നിയന്ത്രണ ചട്ടം പ്രകാരം കൺകറൻസും നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണ അനുമതി /ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ**

1. കെ.എം.ബി.ആർ-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ , സർവ്വേ നമ്പർ , അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തണം.
2. കെ.എം.ബി.ആർ-2019, ചട്ടം 5(4) പട്ടികയിൽ ക്രമനമ്പർ 13 പ്രകാരമുള്ള അഗ്നിസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം.
3. കെ.എം.ബി.ആർ-2019, ചട്ടം 79 പ്രകാരം ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി

ഉറപ്പാക്കണം.

4. ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം KMBR ചട്ടങ്ങൾക്ക് വിധേയമാണെന്ന സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
6. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
7. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ട പ്രകാരം നൽകിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
8. പ്ലോട്ടിൽ നിലവിലുള്ള എല്ലാ കെട്ടിടങ്ങളും അംഗീകൃതമാണെന്ന് നഗരസഭാ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
9. നിർദിഷ്ട സ്ഥലത്ത് വികസന/നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബാധകമെങ്കിൽ 2008–ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ സർക്കുലറുകൾക്കും , അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
10. കെ.എം.ബി.ആർ–2019 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.

മേൽ അംഗീകാരം, കെട്ടിട നിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.എം.ബി.ആർ–2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമൊ, നിരാക്ഷേപ പത്രമൊ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിന് ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിക്ക് പരിഗണിക്കാവൂ.

***"ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ / വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിന് ശേഷം മാത്രമെ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ".***

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ – **25/2021/KTYM**)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

**സെക്രട്ടറി**
പാലാ നഗരസഭ (പ്ലാൻ 1 സെറ്റ് സഹിതം)

പകർപ്പ് :1. മാനേജർ, സെന്റ് തോമസ് കോളേജ്, അരുണാപുരം
2. അധികം 1

DESPATCHED
Date 12/5/21